ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അധികാരവികേന്ദ്രീകരണകമ്മിറ്റിയുടെ ശുപാർശകൾ ക്യാബിനറ്റ് ഉപസമിതിയുടെ പരിഗണനയ്ക്കു വിടുകയുണ്ടായി. ക്യാബിനറ്റ് ഉപസമിതി ഈ നിർദ്ദേശങ്ങൾ വിശദമായി പരിശോധിച്ചു വരികയാണ്.

(ഡി) കേരള പഞ്ചായത്ത് രാജ് ആക്ടിനും കേരള മുനിസിപ്പാലിറ്റി ആക്ടിനും പുറമേ 45 നിയമങ്ങൾക്കുള്ള ഭേദഗതികളാണ് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിട്ടുള്ളത്.

(ഇ) പഞ്ചായത്ത് രാജ് മുനിസിപ്പൽ നിയമങ്ങൾക്കുള്ള ഭേദഗതികൾ പാസ്സാക്കി കഴിഞ്ഞു. മറ്റു നിയമഭേദഗതികൾ സർക്കാരിന്റെ പരിഗണനയിലിരിക്കുന്നു.

ജനനത്തീയതി തിരുത്തുന്നതിന് അവസരം

42 (780)ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ ജനനത്തീയതി സർവ്വീസ് ബുക്കിൽ തിരുത്തി നൽകുന്നത് നിർത്തി വച്ചിരിക്കുകയാണോ;

(ബി) എങ്കിൽ കാരണമെന്ത്;

(സി) ജനനത്തീയതി തിരുത്തി നൽകുന്നതിന് ഒരവസരം കൂടി നൽകുമോ?

ഉത്തരം

(എ) അല്ല.

(ബി) ബാധകമല്ല.

(സി) നിയമനാനുസൃതം അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ജനനത്തീയതി തിരുത്തി നൽകുന്നതിൽ നിരോധനമൊന്നും ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഒരവസരം കൂടി നൽകണമെന്ന ആവശ്യത്തിന് പ്രസക്തിയില്ല.

പുതിയ തസ്തികകൾ

43 (781)ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. നാലകത്തു സൂപ്പി :
ശ്രീ. എം.കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഒരു വർഷക്കാലത്ത് ഏതൊക്കെ വകുപ്പുകളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചു;

(ബി) എന്തൊക്കെ തസ്തികകളാണ് സൃഷ്ടിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly